കേരള സർക്കാർ

നം. 15469/സി3/2016/ഐ&പി.ആർ.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി)വകുപ്പ്
തിരുവനന്തപുരം, തീയതി 30/05/2016

## ടെണ്ടർ നോട്ടീസ്

2016-17 സാമ്പത്തിക വർഷം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രചരണ സാമഗ്രികൾ, സി.ഡി., കത്തുകൾ, തുടങ്ങിയവ കൊറിയർ വഴി വിവിധ ജില്ലകളിലും, ന്യൂഡൽഹിയിലും, ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലും വകുപ്പ് നിർദ്ദേശിക്കുന്ന മറ്റ് സ്ഥലങ്ങളിലും എത്തിക്കുന്നതിനും റിസർച്ച് & റഫറൻസ് വിഭാഗം വാങ്ങുന്ന പുസ്തകങ്ങൾ കൊറിയർ വഴി അയയ്ക്കുന്നതിനും മത്സര സ്വഭാവമുള്ള മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

വർക്ക് ഓർഡർ പ്രകാരമുള്ള പാഴ്സലുകൾ സ്വന്തം ചെലവിൽ വകുപ്പിൽ നിന്നും ശേഖരിച്ച് പായ്ക്ക് ചെയ്ത് കേടുപാടുകൾ കൂടാതെ നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളിൽ എത്തിക്കേണ്ടതാണ്.

കേരളത്തിനകത്തുള്ള മേൽവിലാസങ്ങളിൽ 2 ദിവസങ്ങൾക്കുള്ളിലും കേരളത്തിനു പുറത്തുള്ള വിലാസങ്ങളിൽ 4 ദിവസങ്ങൾക്കുള്ളിലും സാധനങ്ങൾ എത്തിക്കണം. പാഴ്സലുകൾ ബന്ധപ്പെട്ട ഓഫീസിൽ ലഭിച്ചതു സംബന്ധിച്ച രസീതുകൾ കൂടി ബില്ലിനൊപ്പം ഹാജരാക്കേണ്ടതാണ്.

ചില പ്രത്യേക സാഹചര്യങ്ങളിൽ ന്യൂഡൽഹിയിലും മറ്റും അടിയന്തരമായി പാഴ്സലുകൾ എത്തിക്കേണ്ടതായി വരും അത്തരം സന്ദർഭങ്ങളിൽ by air കൊറിയർ ചെയ്ത് 48 മണിക്കൂറുകൾക്കകം നിർദ്ദേശിച്ച് സ്ഥലത്ത് സാധനം എത്തിക്കാനും കൊറിയർ സർവ്വീസിന് ബാധ്യസ്ഥതയുണ്ടായിരിക്കും .

പ്രസിദ്ധീകരണങ്ങൾ കേരളത്തിനകത്തും പുറത്തും അയയ്ക്കുന്നതിന് ഒരു കിലോയ്ക്ക് എത്ര രൂപ, സി.ഡി, കത്ത്, പുസ്തകങ്ങൾ എന്നിവയ്ക്ക് എത്ര രൂപ എന്നിങ്ങനെ തരം തിരിച്ച് ക്വട്ടേഷൻ തരേണ്ടതാണ്.

**ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി : 16/06/2016 ഉച്ചയ്ക്ക് 1 മണിക്ക്**
**ക്വട്ടേഷൻ തുറക്കുന്ന തീയതി : 16/06/2016 ഉച്ചയ്ക്ക് ശേഷം 3 മണി**

മുദ്രവച്ച ക്വട്ടേഷനുകൾ, ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

മിനി ആന്റണി
ഡയറക്ടർ